# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2139

17.02.2016 ൽ മറുപടിയ്ക്ക്

## റിസ്ക്ഫണ്ട് പദ്ധതി

**ചോദ്യം**

ശ്രീമതി.കെ.കെ.ലതിക

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) റിസ്ക്ഫണ്ട് പദ്ധതിയിൽ അംഗമായ വായ്പക്കാരൻ മരണപ്പെടുകയും പദ്ധതിയിലെ ആനുകൂല്യത്തിനായി ബന്ധപ്പെട്ട ബാങ്കുമുഖേന അപേക്ഷ നൽകുകയും ചെയ്താൽ വായ്പക്കാരന്റെ അവകാശികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സംഘങ്ങൾക്ക് അധികാരവും അവകാശവും ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(എ) വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാധ്യതയായി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്നും വായ്പക്കാരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പരിധിക്കുള്ളിലുള്ള വായ്പകളിൽ വായ്പക്കാരന്റെ അവകാശികളുടെ പേരിൽ സംഘങ്ങൾ നടപടി സ്വീകരിക്കാൻ പാടുള്ളതല്ല. വായ്പ തുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും, ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സംഘം വായ്പക്കാരനിൽ നിന്ന് ഈടാക്കി സ്കീമിന്റെ കോർപ്പസ് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ എല്ലാ വായ്പകൾക്കും ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി ഒന്നര ലക്ഷം

രൂപയും ആയതിന്റെ പലിശയും ആയിരിക്കും. റിസ്ക് ഫണ്ട് ആനുകൂല്യ പരിധിയിൽ അധികിരിച്ചുള്ള വായ്പാ ബാധ്യത സംബന്ധിച്ചും ആയത് ഈടാക്കുന്നത് സംബന്ധിച്ചും റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ വ്യവസ്ഥകൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| (ബി) പ്രസ്തുത കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഉത്തരവോ സർക്കുലറോ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) വായ്പ ഈടാക്കുന്നത് സംബന്ധിച്ച് വായ്പക്കാരനും സംഘവും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, റിസ്ക് ഫണ്ട് ആനുകൂല്യ പരിധി ഇപ്പോൾ വർദ്ധിപ്പിക്കുന്ന സാഹചര്യം നിലവില്ലാത്തതിനാലും, റിസ്ക് ഫണ്ട് ആനുകൂല്യത്തിന് ഉപരിയായ ബാധ്യത ഈടാക്കുന്നത് സംബന്ധിച്ച് വായ്പക്കരാർ പ്രകാരം സംഘത്തിന് ഉചിതമായ നിയമാനുസൃത തീരുമാനം കൈക്കൊള്ളാമെന്നിരിക്കെ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ